"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ല- മലയിൻകീഴ് ഗ്രാമപഞ്ചായത്ത്- മലയിൻകീഴ് താലൂക്ക് ആസ്ഥാന ആശുപത്രി കെട്ടിട നിർമ്മാണം- കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണം 2019 ചട്ടം 3(4) പ്രകാരം ഇളവനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

**തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്**

G.O.(Rt)No.629/2024/LSGD തീയതി,തിരുവനന്തപുരം, 16-03-2024

പരാമർശം:- 1. മലയിൻകീഴ് ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 11.01.2023 ലെ 8(7) നമ്പർ തീരുമാനം

2. മലയിൻകീഴ് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 23.01.2023 ലെ A3-1458/22 നമ്പർ കത്ത്

3 ചീഫ് ടൗൺ പ്ലാനറുടെ 03.06.2023 ലെ LSGD/PD/17075/2023-TCPA4 നമ്പർ റിപ്പോർട്ട്

4 തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ന്റെ ലെ നമ്പർ കത്ത്

5 ചീഫ് ടൗൺ പ്ലാനറുടെ 30.01.2024 ലെ LSGD/PD/39496/2023-TCPA1 നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ് ഗ്രാമപഞ്ചായത്തിൽ താലൂക്ക് ആസ്ഥാന ആശുപത്രി കെട്ടിടം നിർമ്മാണത്തിന് സ്ഥലപരിമിതി മൂലം ഉണ്ടായ അപാകതകൾക്ക് കേരള പഞ്ചായത്ത് കെട്ടിടം കെട്ടിട നിർമ്മാണം 2019 ലെ ചട്ടം 3(4) പ്രകാരം സർക്കാരിൽ നിന്ന് ഇളവനുവദിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (1) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരമുള്ള അപേക്ഷ പരാമർശം (3) പ്രകാരം ചീഫ് ടൗൺ പ്ലാനർ ശുപാർശ ചെയ്ത് സർക്കാരിലേക്ക് ലഭ്യമാക്കുകയുണ്ടായി.

2.മേൽ വിഷയത്തിൽ മലയിൻകീഴ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) എന്നിവരുടെ റിപ്പോർട്ട് ലഭിക്കുകയുണ്ടായി.

3.കെട്ടിടത്തിന്റെ foundation structural വർക്കുകൾ നിലവിൽ ആരംഭിച്ചിട്ടുള്ളതാണെന്നും ചുവടെ പറയുന്ന ചട്ടലംഘനങ്ങൾ ഉള്ളതായും പരാമർശം (3) പ്രകാരം ചീഫ് ടൗൺ പ്ലാനർ റിപ്പോർട്ട് ചെയ്തു.

(i)KPBR rule 5(6a) പ്രകാരം പ്രസ്തുത സൈറ്റിന്റെ 50 m പരിധിയിലുള്ള surrounding details പ്ലാനിൽ ലഭ്യമല്ല.

(ii)KPBR-2019 ചട്ടം 29-12 പ്രകാരമുള്ള ഇലക്ട്രിക് വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ലഭ്യമല്ല.

(iii)KPBR-2019 ചട്ടം 42-4 പ്രകാരം അംഗപരിമിതർക്കായുള്ള ടോയ് ലറ്റ് ഗ്രൌണ്ട് ഫ്ലോറിൽ നൽകിയിട്ടില്ല.

(iv)KPBR-2019 ചട്ടം 42(5) പ്രകാരം അംഗപരിമിതർക്ക് ആവശ്യമായുള്ള പാർക്കിംഗ് എണ്ണം നൽകിയിട്ടില്ല.

(v)KPBR-2019 ചട്ടം 77 പ്രകാരമുള്ള rooftop solar energy installations നൽകിയിട്ടില്ല.

(vi)KPBR-2019 ചട്ടം 78 പ്രകാരമുള്ള solar assisted water heating system നൽകിയിട്ടില്ല.

(vii)KPBR-2019 ചട്ടം 81-6(ii) പ്രകാരമുള്ള വ്യത്യസ്ത ബ്ലോക്കുകൾ തമ്മിലുള്ള ചുരുങ്ങിയ അകലമായ 5 മീറ്റർ നൽകിയിട്ടില്ല.

(viii)KPBR 2019 ചട്ടം 29(3)- ടേബിൾ 9 പ്രകാരം ഹോസ്പിറ്റൽ കോമ്പൗണ്ടിൽ 47 പാർക്കിംഗ് യൂണിറ്റുകൾ ആവശ്യമായതിൽ 5 യൂണിറ്റുകൾ മാത്രമേ കോമ്പൗണ്ടിനുള്ളിൽ നൽകാൻ സാധിക്കുന്നുള്ളൂ. ബാക്കി 42 പാർക്കിംഗ് യൂണിറ്റുകളുടെ കുറവ് ഉണ്ട്.

4.KPBR 2019 ചട്ടം 29-ലെ ടേബിൾ 10 പ്രകാരമുള്ള കാർപാർക്കിംഗ്, ചട്ടം 81(6) (ii) പ്രകാരം ആവശ്യമായ വ്യത്യസ്ത ബ്ലോക്കുകൾ തമ്മിലുള്ള ചുരുങ്ങിയ അകലം എന്നിവയൊഴികെ മുമ്പ് സമർപ്പിച്ച അപേക്ഷയിലെ മറ്റ് ചട്ടലംഘനങ്ങളെല്ലാം പരിഹരിച്ചിട്ടുണ്ടെന്നും പരാമർശം (5)പ്രകാരം ചീഫ് ടൌൺ പ്ലാനർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. KPBR 2019 ചട്ടം 29(2) പ്രകാരം കെട്ടിടങ്ങൾക്ക് ആവശ്യമായ മുഴുവൻ പാർക്കിംഗ് സാകര്യവും അതാത് പ്ലോട്ടിൽ തന്നെ നൽകേണ്ടതാണെങ്കിലും ആയത് സാധ്യമാകാത്ത സാഹചര്യത്തിൽ ഹോസ്പിറ്റലിൽ നിന്നും 250m മാറിയുള്ള ഹോസ്പിറ്റൽ സ്റ്റാഫ് ക്വാർട്ടേഴ്സ് സ്ഥിതി ചെയ്യുന്ന പ്ലോട്ടിൽ 35 പാർക്കിംഗ് യൂണിറ്റുകൾ നൽകിയിട്ടുണ്ടെന്നും രണ്ട് പ്ലോട്ടുകളും കണക്കിലെടുക്കുമ്പോൾ ടി പ്ലോട്ടിലെ സ്റ്റാഫ് ക്യാർട്ടേഴ്സിന് ആവശ്യമായതുൾപ്പെടെ ആകെ 48 പാർക്കിംഗ് യൂണിറ്റുകൾ വേണ്ടതിൽ ആകെ 5 എണ്ണത്തിന്റെ കുറവുള്ളതായും കാണുന്നുവെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സമർപ്പിച്ചിരിക്കുന്ന പ്ലാനുകൾ പ്രകാരം റോഡിൽ നിന്നും കെട്ടിടത്തിലേക്ക് മൂന്നു മീറ്റർ ദൂരപരിധി ഉണ്ടാവണമെന്ന കേരളാ പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 220 (b)പാലിക്കുന്നതായി കാണുന്നുവെന്നും ഭിന്നശേഷിക്കാർക്ക് ആവശ്യമായ പാർക്കിംഗ് യൂണിറ്റും ആംബുലൻസ് പാർക്കിംഗ് യൂണിറ്റും ഇരുചക്രവാഹനപാർക്കിംഗ് സൗകര്യവും ഹോസ്പിറ്റൽ കോമ്പൗണ്ടിനുള്ളിൽതന്നെ നൽകിയിട്ടുണ്ടെന്നും റിപ്പോർട്ടിൽ പരാമർശിക്കുന്നു.

5.പാർക്കിംഗ് ഷോർട്ടേജ് ഉണ്ടെങ്കിലും പ്രദേശത്ത് ടി ഹോസ്പിറ്റലിന്റെ വികസനം അത്യന്താപേക്ഷിതമാണെന്നതും ആവശ്യമായ പാർക്കിംഗ് യൂണിറ്റുകളിൽ ഏറെക്കുറെ തെല്ലുകലെയുള്ള പ്ലോട്ടിൽ നൽകിയിട്ടുള്ളതും ആംബുലൻസ് പാർക്കിംഗ് സാകര്യവും ഭിന്നശേഷിക്കാർക്കുള്ള പാർക്കിംഗ് സാകര്യവും ഇരുചക്രവാഹനപാർക്കിംഗ് സൌകര്യവും ഹോസ്പിറ്റൽ കോമ്പാണ്ടിനുള്ളിൽ തന്നെ നല്കിയിട്ടുള്ളതും പരിഗണിച്ച് പ്രസ്തുത സർക്കാർ ആശുപത്രിയുടെ കാര്യത്തിൽ ചട്ടം 29-ൽ ഇളവ് നൽകാവുന്നതാണെന്ന് പരാമർശം (5) പ്രകാരം ചീഫ് ടൌൺ പ്ലാനർ ശുപാർശ ചെയ്തിട്ടുണ്ട്. നിർദ്ദിഷ്ട നിർമ്മാണത്തിന്റെ അടുത്തുള്ള രണ്ട നിലകെട്ടിടം മാത്രമായ പഴയ ഓഫീസ് ബ്ലോക്കിന്റെ 10.68m നീളത്തിലുള്ള ചെറിയ ദൂരത്തിൽ മാത്രമാണ് ചട്ടപ്രകാരം ആവശ്യമായ 5m അകലം ലഭ്യമല്ലാത്തതെന്നും ഈ ബ്ലോക്കുകൾ തമ്മിൽ 3.79m അകലമുണ്ടെന്നതും നിർദ്ദിഷ്ട നിർമ്മാണത്തിന്റെ Fire escape stair വരെ 5m വീതിയിൽ motorable open space ലഭ്യമാക്കിയിട്ടുണ്ടെന്നതും ഹോസ്പിറ്റൽ കോമ്പാണ്ടിനുള്ളിൽ സ്ഥലസൗകര്യം പരിമിതമാണെന്നതും പരിഗണിച്ച് ചട്ടം 81 6 (ii)-ൽ ഇളവ് നൽകാവുന്നതാണെന്നും ചീഫ്

ടൌൺ പ്ലാനർ ശുപാർശ ചെയ്തിട്ടുണ്ട്.

6.മേൽപ്പറഞ്ഞ വസ്തുതകൾ പരിഗണിച്ചും പഞ്ചായത്ത് സെക്രട്ടറിയുടെയും ജില്ലാ ടൗൺ പ്ലാനറുടെയും ശിപാർശകളുടെ അടിസ്ഥാനത്തിലും ആശുപത്രി വികസനം എന്നത് താലൂക്കിലെയും പരിസരത്തെയും മുഴുവൻ ജനങ്ങളുടെയും അടിസ്ഥാന ആവശ്യമാണെന്നതും പരിഗണിച്ചും KPBR 2019 ചട്ടം 29 പ്രകാരമുള്ള കാർ പാർക്കിംഗ് സാകര്യം, ചട്ടം 81 6 (ii) പ്രകാരം ആവശ്യമായ വ്യത്യസ്ത ബ്ലോക്കുകൾ തമ്മിലുള്ള ചുരുങ്ങിയ അകലം എന്നിവയിൽ താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി KPBR 2019 ചട്ടം3(4) പ്രകാരം സർക്കാരിന് ഇളവ് നൽകാവുന്നതാണെന്ന് ചീഫ് ടൌൺ പ്ലാനർ ശിപാർശ ചെയ്യുകയുണ്ടായി

1. സർക്കാരിൽ നിന്നും ഇളവ് നൽകുന്ന 1 KPBR 2019-ലെ ചട്ടം 29, ചട്ടം 81 6 (ii) എന്നിവയൊഴികെ മറ്റ് ചട്ടങ്ങളെല്ലാം പാലിച്ചിട്ടുണ്ടെന്ന് ഒക്കുപ്പൻസി നൽകുന്നതിന് മുമ്പായി പഞ്ചായത്ത് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
2. കേരളാ പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 220(b) ഉൾപ്പെടെ എല്ലാ വകുപ്പുകളും പാലിക്കുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
3. പ്ലോട്ടിൽ നിലവിലുള്ള മറ്റ് കെട്ടിടങ്ങളെല്ലാം അംഗീകൃതമാണെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
4. KPBR 2019-ലെ ചട്ടം 35(2)(1)-ലെ നോട്ട് പ്രകാരം Fire Escape Stair case-ലെ ബാഹ്യഭിത്തിയിൽ breakable glass/openable glass നൽകുകയോ അല്ലെങ്കിൽ തുറന്നിരിക്കുകയോ ചെയ്യേണ്ടതാണ്.

7.നിലവിൽ നിർമ്മാണം പുരോഗമിക്കുന്ന പുതിയ കെട്ടിടം ആശുപത്രിക്കും പൊതുജനങ്ങൾക്കും വളരെയധികം അനിവാര്യമാണെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) പരാമർശം (4) പ്രകാരം അറിയിച്ചിട്ടുണ്ട്.

8.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരളാ പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി ചീഫ് ടൗൺ പ്ലാനറുമായി പര്യാലോചിച്ച് കൊണ്ട് സർക്കാർ ആശുപത്രിക്കെട്ടിടനിർമ്മാണത്തിന്റെ കാര്യത്തിൽ KPBR 2019 ചട്ടം 3(4) പ്രകാരം കെട്ടിടനിർമ്മാണച്ചട്ടങ്ങളിൽ സർക്കാരിന് ഇളവ് അനുവദിക്കാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള സാഹചര്യത്തിൽ ചീഫ് ടൌൺ പ്ലാനറുടെ ശുപാർശയുടെ അടിസ്ഥാനത്തിലും ആശുപത്രി വികസനം എന്നത് താലൂക്കിലെയും പരിസരത്തെയും മുഴുവൻ ജനങ്ങളുടെയും അടിസ്ഥാന ആവശ്യമാണെന്നതും പരിഗണിച്ചും KPBR 2019 ചട്ടം 29 പ്രകാരമുള്ള കാർ പാർക്കിംഗ് സൗകര്യം, ചട്ടം 81 6 (ii) പ്രകാരം ആവശ്യമായ വ്യത്യസ്ത ബ്ലോക്കുകൾ തമ്മിലുള്ള ചുരുങ്ങിയ അകലം എന്നിവയിൽ മുകളിൽ പറഞ്ഞ നിബന്ധനകൾക്ക് വിധേയമായി KPBR 2019 ചട്ടം3(4) പ്രകാരം ഇളവ് അനുവദിച്ച് നിർമ്മാണനുമതി നൽകുന്നതിന് മലയിൻകീഴ് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
H MUHAMMED FAISAL
DEPUTY SECRETARY

പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം.

മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം.

ജില്ലാ ജോയിന്റ് ഡയറക്ടർ,തിരുവനന്തപുരം.

സെക്രട്ടറി, മലയിൻകീഴ് ഗ്രാമ പഞ്ചായത്ത്

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

ഐ & പി.ആർ.ഡി./വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Suja S K
Date: 16-03-2024 13:49:04
സെക്ഷൻ ഓഫീസർ